# കുട്ടികളുടെ കൂടെ ആയിരിക്കുക

റവ. ഫാ. ജിമ്മി പൂച്ചക്കാട്ട്

വിദേശത്ത് താമസമാക്കി ജോലി ചെയ്യുന്ന മിനിയും ലോറൻസും മകളെ നാട്ടിൽ ഒരു ഹോസ്റ്റലിൽ താമസിപ്പിച്ചിരിക്കുകയാണ്. അവധിക്ക് മിനി നാട്ടിലേക്ക് തിരിച്ചുവരുന്നു. അവൾ ഒമ്പതാം ക്ളാസിൽ പഠിക്കുന്ന മകളെ വിളിച്ച് ആവേശത്തോടെ തിരക്കി ഇത്തവണ നാട്ടിൽ വരുമ്പോൾ മോൾക്ക് എന്തു സമ്മാനമാണ് വേണ്ടത്. അവൾ പ്രത്യേകിച്ച് മറുപടി ഒന്നും പറയുന്നില്ല. മിനി നിർബന്ധിച്ചു. കഴിഞ്ഞ തവണ മൊബൈൽ ഫോൺ കൊണ്ടു വന്നു. ഈ വർഷം ഒരു ലാപ് ടോപ് ആയാലോ? എന്തു സമ്മാനം വേണമെങ്കിലും ചോദിച്ചോളൂ. അവൾ പറഞ്ഞു. എനിക്കൊന്നേ വേണ്ടൂ, ഈ വർഷം മമ്മി അവധിക്കു വന്നാൽ തിരികെ പോകാതിരുന്നാൽ മതി !!!!

മക്കളോടൊപ്പമായിരിക്കുക എന്നതാണ് ഒരു പിതാവിനും മാതാവിനും മക്കൾക്ക് നൽകാവുന്ന ഏററവും വലിയ സമ്മാനം. ഇങ്ങനെ പറയുമ്പോൾ വിദേശത്തുള്ള എല്ലാ മാതാപിതാക്കളും നാട്ടിലെത്തി താമസമാക്കണം എന്ന് അർത്ഥമില്ല. ഒരേ വീട്ടിൽ ഒരു കൂരയ്ക്കു കീഴിൽ ജീവിച്ചിട്ടും കുട്ടികളുടെ കൂടെ ആയിരിക്കാൻ കഴിയാത്ത എത്രയോ മാതാപിതാക്കളുണ്ട്. പരിചയമുള്ള ഒരു വീടിന്റെ മുന്നിലൂടെ കടന്നുപോകുമ്പോൾ കുടുംബനാഥൻ പടിക്കൽ നിൽക്കുന്നതുകണ്ട് വണ്ടി നിറുത്തി. അകത്തു കയറി അല്പം സംസാരിക്കുന്നതിനിടയിൽ മകനെ തിരക്കി. അവൻ ഇന്ന് എഞ്ചിനീയറിങ്ങിനു പഠിക്കുകയാണ്. എന്റെ കൂടെ കുർബ്ബാനയ്ക്കു കൂടികൊണ്ടിരുന്ന ഞാൻ അന്വേഷിച്ചപ്പോൾ ആ പിതാവ് പെട്ടെന്ന് മൊബൈൽ ഫോണെടുത്ത് വിളിച്ച് എനിക്ക് തന്നു. അവൻ വല്ല വിദേശത്തുമായിരിക്കും എന്നോർത്ത് ഞാൻ സംസാരത്തിനിടയിൽ ചോദിച്ചു. ''നീ ഇപ്പോൾ എവിടെയാണ്?' 'ഞാൻ വീടിന്റെ മുകളിലത്തെ നിലയിലുണ്ട്!!! ഒരു അപ്പനും മകനും വീട്ടിലിരുന്ന് ഫോണിൽ സംസാരിക്കുന്നത്, ജീവിതത്തിലാദ്യമായി അന്ന് ഞാൻ കണ്ടു. കുട്ടികളുടെ കൂടെയായിരിക്കുക എന്നാൽ അവരുടെ ജീവിതത്തിലേക്കും സാഹചര്യങ്ങളിലേക്കും ഇഴുകിച്ചേരുക എന്നാണർത്ഥം.

വൈകിട്ട് നാലു മണിക്ക് അഗസ്റ്റിനോടൊപ്പം അവന്റെ വീട്ടിലിരുന്ന് സംസാരിക്കുമ്പോൾ എട്ടാം ക്ളാസിൽ പഠിക്കുന്ന അവന്റെ മകൾ സ്കൂളിൽ നിന്ന് വന്നു. ഒന്ന് ചിരിച്ച് അകത്തേക്ക് പോകാൻ തുടങ്ങിയ മകളോട് അഗസ്റ്റിൻ ചോദിച്ചു: അനുവിന്റെ പനി എങ്ങനെയുണ്ട് മോളെ? അവൾ പെട്ടെന്ന് നിന്ന് അനുവിന്റെ വിശേഷങ്ങൾ പറയാൻ തുടങ്ങി. ആശുപത്രിയിൽ പോയത്. കുറവുള്ളതുകൊണ്ട് ക്ളാസിൽ വന്നത്. മകൾ പോയപ്പോൾ ഞാൻ അഗസ്റ്റിനോട് അനു ആരാണ് എന്ന് അന്വേഷിച്ചു. കുറെ അകലെയുള്ള, മോളോടൊപ്പം പഠിക്കുന്ന കുട്ടിയാണ്. കൃത്യമായ വിവരമൊന്നും അയാൾക്കും അറിയില്ല. ഇന്നലെ സ്കൂളിലെ വിശേഷം പറഞ്ഞപ്പോൾ അനുവിനു പനി ആയതിനാൽ ക്ളാസിൽ എന്നു പറഞ്ഞിരുന്നു. അതുകൊണ്ട് തിരക്കിയതാണത്രേ. മക്കളോടൊപ്പമിരിക്കുന്ന ഒരു പിതാവിനെയാണ് ഞാൻ അവിടെ കണ്ടത്.

കൂടെ ആയിരിക്കുക എന്നാൽ - അപ്പനും മകനും ഒരു വീട്ടിൽ താമസിക്കുക എന്നർത്ഥം മാത്രമല്ല ഉള്ളത്. അവരെ അടുത്തു വിളിച്ചുവരുത്തി സംസാരിക്കാൻ, അവരുടെ പ്രശ്നങ്ങൾ പോലെ കൈകാര്യം ചെയ്യാൻ അവരുടെ ഉത്ക്കണ്ഠകൾ നമ്മുടെ ഉത്ക്കണ്ഠകളാവാൻ, അവരുടെ സന്തോഷങ്ങൾ നമ്മുടെ സന്തോഷങ്ങളാവാൻ അവരെ പരിഗണിക്കാൻ അവരുടെ മാതാപിതാക്കളുണ്ട്. എന്ന ഉത്തമബോദ്ധ്യത്തിലേക്ക് അവരെ നയിക്കാൻ പര്യാപ്തമാവുന്നതാവണം 'കൂടെ ആയിരിക്കുക' എന്ന അവസ്ഥ.

നമ്മുടെ മക്കൾ പഠിക്കുന്ന സ്ക്കൂളിലെ വിശേഷങ്ങൾ നമ്മുടെ വലിയ സംസാരവിഷയമാവണം. അവർ പഠിക്കുന്ന ഡിവിഷൻ; അവരുടെ ക്ളാസ് ടീച്ചറുടെ പേരും മററു വിവരങ്ങളും നമ്മുടെ കുട്ടികളുടെ കൂട്ടുകാരുടെ വിവരങ്ങൾ, ഇത്രയുമൊക്കെ ഒരു മാതാവും പിതാവും അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട പൊതുവിജ്ഞാനത്തിന്റെ ഭാഗമായി കരുതണം .ദൈവം തരുന്ന ആയുസ്സിന്റെ അഥവാ സമയത്തിന്റെ ഒരു വലിയ ഭാഗം മക്കൾക്കായി മാററിവെക്കേണ്ടവരാണ് മാതാപിതാക്കൾ. നമ്മുടെ കുഞ്ഞുങ്ങളെ അടുത്തു വിളിച്ചിരുത്തി സംസാരിക്കാൻ നാം എത്ര സമയം ചിലവഴിക്കുന്നുണ്ട്? നാം അവർക്കായി അദ്ധ്വാനിക്കുന്നുണ്ടാകാം നമ്മുടെ വരുമാനത്തിന്റെ വലിയൊരു പങ്കും മക്കൾക്കായി ചെലവഴിക്കുന്ന മാതാപിതാക്കളാകാം നിങ്ങൾ. അവരുടെ നന്മ മാത്രമാകാം നിങ്ങൾ എന്നും ആഗ്രഹിക്കുന്നതും. സ്വപ്നം കാണുന്നതും നമ്മുടെ പ്രാർത്ഥനാവിഷയമാകുന്നതും. വരുമാനം പോലും നോക്കാതെ അവർക്കായി എന്തും ചെയ്യാൻ സന്നദ്ധതയുള്ളവരായിരിക്കാം നമ്മൾ. എങ്കിലും നമ്മുടെ മക്കൾ നമ്മളിൽ നിന്നാവശ്യപ്പെടുന്ന ഏററവും വലിയ സമ്മാനം ഈ അവധിക്കു വന്നാൽ മമ്മി തിരിച്ചുപോകരുത് എന്നതാണ്!!!

കുടുംബങ്ങളിൽ കുട്ടികളെ വിളിച്ചിരുത്തി സംസാരിക്കാൻ സമയം കണ്ടെത്തണം. അത് അവരുടെ ജീവിതത്തിലെ സന്തോഷകരമായ നിമിഷങ്ങൾക്കായി അവർക്കു തോന്നുന്നുണ്ട് എന്നു ഉറപ്പു വരുത്തണം. ഏതു കാര്യങ്ങളും സ്വാതന്ത്ര്യത്തോടെ തുറന്നു സംസാരിക്കാവുന്നവർ നമ്മുടെ മാതാപിതാക്കളാണ് എന്ന ബോദ്ധ്യം ചെറുപ്പം മുതലേ കുട്ടികളിലുണ്ടാവണം. ഇങ്ങനെയുള്ള കുടുംബങ്ങളിൽ കുട്ടികൾ വളരുമ്പോഴും, വലുതാകുമ്പോഴും അവരുടെ മാതാപിതാക്കളോടുള്ള ബന്ധത്തിന് ഒരു കുറവും വരുന്നില്ല. എന്ന് കാണാം. ആത്മബന്ധമില്ലാതെ വളരുന്ന കുടുംബങ്ങളിലെ മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം വളരെ ഔപചാരികമോ ഔദ്യോഗികമോ ആയി തോന്നാറുണ്ട്. ഒരു വില്ലേജോഫീസറുടെ മുമ്പിൽ ഏതെങ്കിലും സർട്ടിഫിക്കററിനായി നിൽക്കുന്ന അതേ ആദരവോടെ സ്വന്തം അപ്പന്റെ മുമ്പിൽ പരീക്ഷാഫീസ് വാങ്ങാൻ നിൽക്കുന്ന കുട്ടികളെ കണ്ടിട്ടുണ്ട്. അവിടെ ആദരവിന് കുറവില്ല. പക്ഷേ സ്നേഹത്തിന്റെ കുറവുണ്ട്. അതിശക്തമായി.

പ്രിയ മാതാപിതാക്കളെ, നിങ്ങൾ മക്കൾക്കായി എന്തെല്ലാം സമ്മാനങ്ങൾ നൽകിയായാലും എത്രയധികം രൂപ അവർക്കായി ചിലവഴിച്ചാലും അത് മാതാപിതാക്കളുടെ ഉത്തരവാദിത്ത നിർവ്വഹണം മാത്രമായേ അവർ കാണൂ. എന്നാൽ നിങ്ങൾ സ്നേഹം കൊടുത്താൽ അവർ നിങ്ങളെ സ്നേഹിക്കും. സ്നേഹം കൊടുക്കാൻ സമയം കണ്ടെത്തുക. കുട്ടികളുടെ കൂടെ ആയിരിക്കുക.

(കടപ്പാട് : 'മക്കൾ മാലാഖമാർ' എന്ന ഗ്രന്ഥത്തോട്)